# അതി ശക്തമായ മഴക്കുള്ള മുന്നറിയിപ്പ് 2021 നവംബർ – 25

## ശക്തമായ മഴക്കുള്ള മുന്നറിയിപ്പ് 2021 നവംബർ 26–28

*കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ പുതുക്കിയ മഴ സാധ്യത പ്രവചന പ്രകാരം 2021 നവംബർ 25 ന അതിശക്തമായ മഴക്കുള്ള സാധ്യതയുള്ളതിനാൽ ഓറഞ്ച് മുന്നറിയിപ്പും (Orange) Alert) 2021 നവംബർ 26-28 വരെ ശക്തമായ മഴക്കുള്ള സാധ്യതയുള്ളതിനാൽ **മഞ്ഞ മുന്നറിയിപ്പും** ((Yellow) Alert) പുറപ്പെടുവിച്ചിരിക്കുന്നു.

ഒറ്റപ്പെട്ടയിടങ്ങളിൽ 24 മണിക്കൂറിൽ 116 mm മുതൽ 204.4 mm വരെയുള്ള മഴയാണ് അതി ശക്തമായ മഴ കൊണ്ട് അർത്ഥമാക്കുന്നത്. ഒറ്റപ്പെട്ടയിടങ്ങളിൽ 24 മണിക്കൂറിൽ 64.5 mm മുതൽ 115mm വരെയുള്ള മഴയാണ് ശക്തമായ മഴ കൊണ്ട് അർത്ഥമാക്കുന്നത്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്കുള്ള പ്രത്യേക നിർദേശങ്ങൾ.

ശക്തമായ മഴ തുടർച്ചയായി പെയ്യുന്ന സാഹചര്യത്തിൽ പ്രാദേശികമായ ചെറിയ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യത വർധിക്കും. ആയതിനാൽ കഴിഞ്ഞ ദിവസങ്ങളിൽ വലിയ അളവിൽ മഴ ലഭിച്ച പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങൾ, നദീതീരങ്ങൾ, ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര പ്രദേശങ്ങൾ തുടങ്ങിയ ഇടങ്ങളിലുള്ളവർ അതീവ ജാഗ്രത പാലിക്കണം. അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും വരും ദിവസങ്ങളിലെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ സുരക്ഷയെ മുൻകരുതി മാറി താമസിക്കാൻ തയ്യാറാവേണ്ടതാണ്. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറേണ്ടുന്ന ഘട്ടങ്ങളിൽ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറാവണം.

ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും നദികൾ മുറിച്ചു കടക്കാനോ, നദികളിലോ മറ്റ് ജലാശയങ്ങളിലോ കുളിക്കാനോ മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങാൻ പാടുള്ളതല്ല. ജലാശയങ്ങൾക്ക് മുകളിലെ മേൽപ്പാലങ്ങളിൽ കയറി കാഴ്ച കാണുകയോ സെല്ഫിയെടുക്കുകയോ കൂട്ടം കൂടി നിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

കാറ്റിൽ മരങ്ങൾ കടപുഴകി വീണും പോസ്റ്റുകൾ തകർന്നു വീണും ഉണ്ടാകാനിടയുള്ള അപകടങ്ങളെയും ശ്രദ്ധിക്കേണ്ടതാണ്.

അണക്കെട്ടുകളുടെ താഴെ താമസിക്കുന്നവർ അണക്കെട്ടുകളിൽ നിന്ന് വെള്ളം പുറത്തേക്ക് ഒഴുക്കി വിടാനുള്ള സാധ്യത മുൻകൂട്ടി കണ്ട് കൊണ്ടുള്ള തയ്യാറെടുപ്പുകൾ നടത്തുകയും അധികൃതരുടെ നിർദേശങ്ങൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ മാറിത്താമസിക്കുകയും വേണം. മലയോര മേഖലയിലേക്കുള്ള സഞ്ചാരം പൂർണ്ണമായി ഒഴിവാക്കുക.

**India Meteorological Department's District Rainfall Forecast**

**Issue Date : 25.11.2021; Time: 16:00 hrs**

| District | 25.11.2021 | 26.11.2021 | 27.11.2021 | 28.11.2021 | 29.11.2021 |
|---|---|---|---|---|---|
| Thiruvananthapuram | ISOL `H to VH | ISOL. H | ISOL. H | ISOL. H | L to M |
| Kollam | ISOL `H to VH | ISOL. H | ISOL. H | ISOL. H | L to M |
| Pathanamthitta | ISOL `H to VH | ISOL. H | ISOL. H | ISOL. H | L to M |
| Alappuzha | ISOL. H | ISOL. H | ISOL. H | ISOL. H | L to M |
| Kottayam | ISOL `H to VH | ISOL. H | ISOL. H | ISOL. H | L to M |
| Ernakulam | ISOL. H | ISOL. H | ISOL. H | ISOL. H | ISOL. H |
| Idukki | ISOL `H to VH | ISOL. H | ISOL. H | ISOL. H | ISOL. H |
| Thrissur | ISOL. H | ISOL. H | ISOL. H | ISOL. H | ISOL. H |
| Palakkad | ISOL. H | ISOL. H | ISOL. H | ISOL. H | ISOL. H |
| Malappuram | ISOL. H | ISOL. H | ISOL. H | ISOL. H | ISOL. H |
| Kozhikode | L to M | L to M | ISOL. H | ISOL. H | ISOL. H |
| Wayanad | ISOL. H | ISOL. H | ISOL. H | ISOL. H | ISOL. H |
| Kannur | L to M | L to M | L to M | ISOL. H | ISOL. H |
| Kasaragod | L to M | L to M | L to M | L to M | ISOL. H |

| COLOUR CODE | WARNING | INTENSITY |
|---|---|---|
| White | No Rain | No Rain |
| Green | No Warning (No Action) | Light Rain |
| Yellow | Watch (Be Updated) | Moderate Rain |
| Orange | Alert (Be Prepared) | Heavy to Very Heavy Rain |
| Red | Warning (Take Action) | Very Heavy Rain to Extremely Heavy Rain |

| Rainfall Intensity (mm) | |
|---|---|
| Light | (2.5 - 15.5 mm) |
| Moderate | (15.6 - 64.4 mm) |
| Heavy | (64.5 - 115.5 mm) |
| Very Heavy | (115.6 - 204.4 mm) |
| Extremely Heavy | (> 204.5 mm) |

*II

*ISOL - Isolated Rainfall One or two places (<25% of stations gets rainfall)*